ഇന്നത്തെ പരിപാടി

- **പ്രസ് ക്ലബ് ഹാൾ:** ടുഡേ ബുക്സിന്റെ ഉദ്ഘാടനവും 11 പുസ്തകത്തിന്റെ പ്രകാശനവും മന്ത്രി കെ എൻ ബാലഗോപാൽ. വൈകിട്ട് നാലിന്.
- **ജവാഹർ സഹകരണ ഭവൻ ഓഡിറ്റോറിയം:** ആർബിട്രേഷൻ അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ. പകൽ 11.30ന്.
- **ടെക്നോപാർക്ക് എംപ്ലോയീസ് കോഓപ്പറേറ്റീവ് ഹോസ്പിറ്റൽ:** എക്സ്റേ മാമോഗ്രാം മെഷീനുകളുടെ പ്രവർത്തന ഉദ്ഘാടനം മന്ത്രി വി എൻ വാസവൻ. വൈകിട്ട് 3.30ന്.
- **ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനിയേഴ്സ് സ്റ്റേറ്റ് സെന്റർ:** ദേശീയ സെമിനാർ ഉദ്ഘാടനം മന്ത്രി കെ കൃഷ്ണൻകുട്ടി. രാവിലെ 10ന്.
- **വെള്ളായണി കാർഷിക കോളേജ്:** ജൈവവളഗുണനിലവാര പരിശോധനാ റഫറൽ ലബോറട്ടറിയുടെ ഉദ്ഘാടനം മന്ത്രി പി പ്രസാദ്. പകൽ 11ന്.
- **തൈക്കാട് സൂര്യഗണേശം ഹാൾ:** 'എം കൃഷ്ണൻ നായർ : എ ലൈഫ് ഇൻ ബ്ലാക്ക് ആൻഡ് വൈറ്റ്' ഡോക്യുമെന്ററി പ്രദർശനം. വൈകിട്ട് 5.30ന്.
- **വെള്ളയമ്പലം അമ്യൂസിയം ഗ്യാലറി:** കലാപ്രദർശനം. രാവിലെ10.30മുതൽ.

മുട്ടട വർഡ് ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥി അജിത് രവീന്ദ്രന് കെട്ടിവയ്ക്കാനുള്ള തുക സിപിഐ എം ജില്ലാ സെക്രട്ടറി വി ജോയിക്ക് ഡിവൈഎഫ്ഐ ബ്ലോക്ക് ഭാരവാഹികൾ കൈമാറുന്നു

മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പ്

എൽഡിഎഫ് സ്ഥാനാർഥി ഇന്ന് പത്രിക നൽകും

പേരൂർക്കട

തിരുവനന്തപുരം കോർപറേഷൻ മുട്ടട വാർഡ് ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥിയായി അജിത് രവീന്ദ്രൻ ബുധനാഴ്ച രാവിലെ 11ന് വരണാധികാരിക്ക് നാമനിർദേശ പത്രിക സമർപ്പിക്കും. കെട്ടിവയ്ക്കാനുള്ള തുക ഡിവൈഎഫ്ഐ പേരൂർക്കട ബ്ലോക്ക് കമ്മിറ്റി നൽകും. മുട്ടട ജങ്ഷനിൽനിന്നാരംഭിക്കുന്ന ഇരുചക്രവാഹനറാലിയോടെയാണ് നാമനിർദേശ പത്രികാ സമർപ്പണം.

സിപിഐ എം സംസ്ഥാന കമ്മിറ്റി അംഗങ്ങളായ എം വിജയകുമാർ, കടകംപള്ളി സുരേന്ദ്രൻ, ജില്ലാ സെക്രട്ടറി വി ജോയി, മേയർ ആര്യ രാജേന്ദ്രൻ, ഡെപ്യൂട്ടി മേയർ പി കെ രാജു, ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ സി ജയൻ ബാബു, കെ സി വിക്രമൻ, ഏരിയ സെക്രട്ടറി സി വേലായുധൻ നായർ, സിപിഐ മണ്ഡലം സെക്രട്ടറി വട്ടിയൂർക്കാവ് ശ്രീകുമാർ തുടങ്ങിയവർ പങ്കെടുക്കും.

കൺവൻഷൻ നാളെ

എൽഡിഎഫ് സ്ഥാനാർഥി അജിത്ത് രവീന്ദ്രൻ പ്രചാരണം ആരംഭിച്ചു. സ്ഥാനാർഥിയുടെ ആദ്യഘട്ട ഗൃഹസന്ദർശനം പുരോഗമിക്കുകയാണ്. വാർഡിലെയും കോർപറേഷനിലെയും വികസന പ്രവർത്തനങ്ങൾ ഉന്നയിച്ചാണ് എൽഡിഎഫ് പ്രചാരണം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസ് ഉദ്ഘാടനവും തെരഞ്ഞെടുപ്പ് കൺവൻഷനും വ്യാഴം വൈകിട്ട് 5ന് മുട്ടട സേവാഗിരി ഹാളിൽ മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും.

കടലിൽ കുടുങ്ങിയ മത്സ്യത്തൊഴിലാളികൾ നാട്ടിലെത്തി

കോവളം

എൻജിൻ തകരാറിലായ ബോട്ടിൽനിന്ന് വിദേശ കപ്പൽ ജീവനക്കാർ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ തിരികെയെത്തി. വിഴിഞ്ഞം സ്വദേശികളായ റിനു (28), എഡിസൺ (45), ഗിൽബർട്ട് (36), യേശുദാസൻ (35), രാജേഷ് (36), ശബരിയാർ (31), ജോർജ് (45), അനിൽ ബായി (45), തമിഴ്നാട് സ്വദേശികളായ രാജൻ (47), സിറിൾ രാജ് (53) എന്നിവരാണ് തിരികെ എത്തിയത്. കഴിഞ്ഞ മാസം 17ന് തമിഴ്നാട്ടിലെ വളപട്ടണം തുറമുഖത്തുനിന്ന് മീൻപിടിക്കാൻ പോയ ഇവർ ബോട്ട് തകരാറായി ഉൾക്കടലിൽ കുടുങ്ങുകയായിരുന്നു.

ബോട്ടിന്റെ എൻജിൻ കേടായി അഞ്ചുദിവസം ഉൾക്കടലിൽ ഒഴുകി നടന്നു. സിംഗപ്പൂരിലേക്ക് പോയ ഫ്യൂറിയസ് എന്ന പേരുള്ള ഫിലിപ്പിൻസ് എണ്ണ ടാങ്കറാണ് ഇവരെ രക്ഷപ്പെടുത്തിയത്.

തിരിച്ചെത്തിയ മത്സ്യത്തൊഴിലാളികൾ

അഞ്ചുദിവസം കപ്പലിൽ തങ്ങിയ ഇവരെ ആൻഡമാൻ ദ്വീപ് സമൂഹത്തിനുസമീപം ഇന്ത്യൻ കോസ്റ്റ് ഗാർഡിന് കൈമാറി. വെള്ളിയാഴ്ച രാവിലെ വിശാഖപട്ടണം തുറമുഖത്തെ പുറംകടലിൽ എത്തിച്ചു. അവിടെനിന്ന് ചൊവ്വ ഉച്ചയോടെ വിഴിഞ്ഞത്ത് എത്തി.

ജില്ലാ ഭരണവിഭാഗവും വിശാഖപട്ടണത്തെ മലയാളി സംഘടനയും സഹായിച്ചതായി ഇവർ പറഞ്ഞു. ഫോൺ സൗകര്യം ലഭ്യമായ ഉടൻ ഇവർ കോട്ടപ്പുറം വാർഡ് കൗൺസിലർ പനിയടിമ ജോണിനെ ബന്ധപ്പെട്ടു. ഇദ്ദേഹം ജില്ലാ ഭരണവിഭാഗവുമായി ബന്ധപ്പെട്ടാണ് തുടർനടപടി സ്വീകരിച്ചത്. ബോട്ട് ഉപേക്ഷിക്കേണ്ടി വന്നതായി മത്സ്യത്തൊഴിലാളികൾ പറഞ്ഞു. ഫിഷറീസ്, റവന്യൂ ഉദ്യോഗസ്ഥർ ഇവരെ സ്വീകരിച്ചു.

തിരിച്ചുകിട്ടിയ ജീവിതം

കോവളം

എല്ലാം അവസാനിച്ചെന്ന് കരുതിയിടത്തുനിന്ന് ജീവിതത്തിലേക്കുള്ള മടക്കമായിരുന്നു അവരുടേത്. നടുക്കടലിൽ ദിശയറിയാതെ അഞ്ച് ദിവസം കഴിഞ്ഞതിനെപ്പറ്റി പറഞ്ഞപ്പോൾ രാജേഷിന്റെ ശബ്ദം ഇടറി. അത്രയ്ക്ക് ഭയാനകമായിരുന്നു ആ ഓർമ. 'ഫിലിപ്പിൻസ് കപ്പലിന്റെ ശ്രദ്ധയിൽപ്പെട്ടില്ലായിരുന്നുവെങ്കിൽ'.... ഓർക്കാൻകൂടി അവർക്കാകുന്നില്ല.

നടുക്കടലിൽ ഉലയുന്ന ബോട്ടിൽനിന്നാണ് സാഹസികമായി കപ്പലിൽ കയറിപ്പറ്റിയത്. ആടി ഉലയുന്ന ബോട്ടിൽനിന്ന് ഇത്രയും ഉയരത്തിലേക്ക് കയറുക പ്രയാസകരമായിരുന്നെന്ന് രാജേഷ് പറഞ്ഞു. ഫിലിപ്പിൻസ് കപ്പലിലും കോസ്റ്റ് ഗാർഡ് കപ്പലിലുമായി ദിവസങ്ങൾ. അവസാനം വിശാഖപട്ടണം തീരത്തിറങ്ങുമ്പോൾ പുതുജീവൻ ലഭിച്ച സന്തോഷം. ചൊവ്വ ഉച്ചയോടെ നാട്ടിലെത്തിയപ്പോൾ സ്വീകരിക്കാൻ ബന്ധുക്കളും ഉദ്യോഗസ്ഥരും എത്തി. ഒരിക്കലും കാണില്ലെന്ന് കരുതിയ ഉറ്റവരെ കണ്ട സന്തോഷത്തിൽ പലരും പൊട്ടിക്കരഞ്ഞു. പ്രിയപ്പെട്ടവർ തിരിച്ചെത്തിയതോടെ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ആശ്വാസം.

വള്ളക്കടവ് താൽക്കാലിക പാലം

ഭാരവണ്ടികൾ കയറ്റരുത്: മനുഷ്യാവകാശ കമീഷൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം

കാൽനടക്കാർക്കും അത്യാവശ്യ വാഹനങ്ങൾക്കും വേണ്ടി നിർമിച്ച വള്ളക്കടവ് താൽക്കാലിക പാലത്തിലൂടെ ഭാരവണ്ടികൾ സഞ്ചരിക്കുന്നുവെന്ന പരാതിയിൽ മനുഷ്യാവകാശ കമീഷന്റെ ഇടപെടൽ. 24 മണിക്കൂറും ട്രാഫിക് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്ക് നിയോഗിച്ച് പാലത്തിലൂടെ ഭാരവണ്ടികൾ തടയണമെന്ന് കമീഷൻ ആവശ്യപ്പെട്ടു. കലക്ടറുടെ നിർദേശം ജില്ലാ ട്രാൻസ്പോർട്ട് (എൻഫോർസ്മെന്റ്) ഓഫീസറും സൗത്ത് ട്രാഫിക് അസിസ്റ്റന്റ് കമീഷണറും കൃത്യമായി പാലിക്കണമെന്നും കമീഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ഉത്തരവിൽ വ്യക്തമാക്കി. ദുരന്തമുണ്ടായശേഷം പ്രതിവിധി കണ്ടെത്തിയാൽപ്പോര. ആവശ്യമായ മുൻകരുതലുകളും നടപടികളും സ്വീകരിച്ച് ദുരന്തം തടയാനുള്ള ബാധ്യത ഉദ്യോഗസ്ഥർക്കുണ്ട്.

ദുരന്തമുണ്ടായശേഷം പ്രതിവിധി കണ്ടെത്തിയാൽപ്പോര

മുന്നറിയിപ്പ് ബോർഡുകൾ ശ്രദ്ധിക്കാതെ ഭാരവണ്ടികൾ പോകുന്നത് പതിവാണെന്നും ഇത് താൽക്കാലിക പാലത്തിന്റെ തകർച്ചയ്ക്ക് കാരണമാകുമെന്നും പൊതുമരാമത്ത് എക്സിക്യൂട്ടീവ് എൻജിനിയർ കമീഷനെ അറിയിച്ചു. നിയമ ലംഘനങ്ങൾ തടയാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കലക്ടർക്കും പൊലീസിനും ഗതാഗത വകുപ്പിനും കത്ത് നൽകിയിട്ടുണ്ട്. മനുഷ്യാവകാശ പ്രവർത്തകനായ രാഗം റഹിം സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

പുത്തൻപാലം രാജേഷ് കാപ്പ നിയമപ്രകാരം അറസ്റ്റിൽ

തിരുവനന്തപുരം

നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയായ പുത്തൻപാലം രാജേഷ് അറസ്റ്റിൽ. കാപ്പ നിയമപ്രകാരം പേട്ട പൊലീസാണ് ഇയാളെ ചൊവ്വാഴ്ച രാത്രി അറസ്റ്റുചെയ്തത്.

മെഡിക്കൽ കോളേജ്, പേട്ട പൊലീസ് സ്റ്റേഷനുകളിലെ ക്രിമിനൽ പട്ടികയിൽ ഉൾപ്പെട്ടയാളാണ് കണ്ണമ്മൂല തോട്ടുവരമ്പിൽ വീട്ടിൽ രാജേഷ്.

ഭാര്യയെയും കുഞ്ഞിനെയും ആക്രമിച്ചയാൾ അറസ്റ്റിൽ

തിരുവനന്തപുരം

ഇരുചക്രവാഹനത്തിൽ മറ്റൊരു സ്ത്രീയെ പിറകിലിരുത്തി യാത്ര ചെയ്തത് ചോദ്യംചെയ്ത ഭാര്യയെയും മൂന്നര വയസ്സുള്ള കുഞ്ഞിനെയും ഉപദ്രവിച്ചയാൾ അറസ്റ്റിൽ.

ഇടുക്കി ഏലപ്പാറ സ്വദേശി രമേഷിനെയാണ് കരമന പൊലീസ് അറസ്റ്റ് ചെയ്തത്.

ചോദിക്കാനുള്ള അവകാശങ്ങളെ അടിച്ചമർത്തുന്ന ഭരണകൂട ഭീകരത: ടീസ്റ്റ സെതൽവാദ്

തിരുവനന്തപുരം

യുക്തിഭദ്രമായ ചിന്തകളെയും ചോദ്യം ചോദിക്കാനുള്ള അവകാശങ്ങളെയും അടിച്ചമർത്തുന്ന ഭരണകൂട ഭീകരതയാണ് ഇന്ത്യയിൽ നടക്കുന്നതെന്ന് മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സെതൽവാദ്. എകെപിസിടിഎയുടെ 65–ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. പ്രോഗ്രാം കമ്മിറ്റി കൺവീനർ പ്രമോദ് വെള്ളച്ചാൽ അധ്യക്ഷനായി. എകെപിസിടിഎ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ്, ജനറൽ സെക്രട്ടറി ഡോ. സി പത്മനാഭൻ, സെമിനാർ കമ്മിറ്റി ചെയർമാൻ കെ സി ഹരികൃഷ്ണൻ, കൺവീനർ ഡോ. ടി പി അഷ്റഫ്, സംഘാടക സമിതി ജനറൽ കൺവീനർ എ നിശാന്ത് എന്നിവർ സംസാരിച്ചു.

കോർപറേഷൻ എൻജിനിയറെ ഉപദ്രവിച്ചയാൾ അറസ്റ്റിൽ

തിരുവനന്തപുരം

കോർപറേഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറെ ഉപദ്രവിച്ച കേസിലെ പ്രതി അറസ്റ്റിൽ. വലിയതുറ സെന്റ് സേവ്യേഴ്സ് നഗർ സ്വദേശി ബൈജു (38)വിനെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്. സെന്റ് സേവ്യേഴ്സ് നഗർ ഭാഗത്ത് പിഡബ്ല്യുഡി റോഡ് നിർമാണം വിലയിരുത്തുന്നതിനിടെ എൻജിനിയറെ ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെടുകയായിരുന്നു. പോക്കറ്റിൽനിന്ന് പണം തട്ടിയെടുത്തതിനും കൃത്യനിർവഹണം തടസ്സപ്പെടുത്തിയതിനുമാണ് കേസ്.

പോക്സോ പ്രതി അറസ്റ്റിൽ

തിരുവനന്തപുരം

വിഴിഞ്ഞം പൊലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പോക്സോ കേസിലെ പ്രതി മൂന്ന് വർഷത്തിന് ശേഷം പിടിയിലായി. കന്യാകുമാരി സ്വദേശി റോബിനെയാണ് വിഴിഞ്ഞം പൊലീസ് തൃശൂർ ചാവക്കാടുനിന്നും അറസ്റ്റ് ചെയ്തത്. ചാവക്കാട് ഇയാൾ ഒളിവിൽ കഴിഞ്ഞുവരികയായിരുന്നു എന്ന് പൊലീസ് അറിയിച്ചു.

എൻഎഫ്പിഇ അംഗീകാരം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ആർഎംഎസ് പരിസരത്ത് നടന്ന സായാഹ്ന ധർണ എൻഎഫ്പിഇ സംസ്ഥാന കൺവീനർ പി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു

ബംഗളൂരുവിൽനിന്നെത്തിയ യുവാവ് എംഡിഎംഎയുമായി പിടിയിൽ

തിരുവനന്തപുരം

ബംഗളൂരു–തിരുവനന്തപുരം വോൾവോ ബസിലെ യാത്രക്കാരൻ 9.589 ഗ്രാം എംഡിഎംഎയുമായി എക്സൈസിന്റെ പിടിയിൽ. പാലോട് വട്ടക്കരിക്കകം തൊഴിയിൽ വീട്ടിൽ ടി മുഹമ്മദ് ഷിജാസ് (22) ആണ് പിടിയിലായത്. മലപ്പുറത്തേക്കെന്ന് പറഞ്ഞ് നാലുദിവസം മുമ്പ് വീട്ടിൽനിന്നിറങ്ങിയ ഇയാൾ ബംഗളൂരു മടിവാളയിലെത്തിയാണ് എംഡിഎംഎ വാങ്ങിയത്. ഇയാൾ ഗോഡ് സ്വദേശി ശ്രീരാഗിനെക്കുറിച്ച് അന്വേഷണം തുടങ്ങിയതായി എക്സൈസ് അറിയിച്ചു.

മുഹമ്മദ് ഷിജാസ്

മലയാളി വിദ്യാർഥികൾക്ക് ബംഗളൂരുവിൽ വിവിധ കോഴ്സുകൾക്ക് അഡ്മിഷൻ എടുത്തുനൽകുന്നയാളാണ് ശ്രീരാഗ്. ഇയാളാണ് മലയാളി വിദ്യാർഥികൾക്ക് ലഹരി മരുന്ന് എത്തിക്കുന്നതെന്ന് പ്രതി നൽകിയ കാസർക്ക് മയക്കുമരുന്ന് സമ്മതിച്ചു. 10 മുതൽ 20 വർഷംവരെ ശിക്ഷ ലഭിക്കാവുന്ന അളവിലാണ് മുഹമ്മദ് ഷിജാസ് എംഡിഎംഎ കൈവശം വച്ചത്. എക്സൈസ് ചെക്ക്പോസ്റ്റിലെ സർക്കിൾ ഇൻസ്പെക്ടർ സി പി പ്രവീണിന്റെ നിർദേശാനുസരണം ഇൻസ്പെക്ടർ സജിത്തിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന.

കെഎസ്കെടിയു നേമം ഏരിയ കമ്മിറ്റി സ്വരൂപിച്ച ചികിത്സാ സഹായം ജില്ല സെക്രട്ടറി കെ ശശാങ്കൻ ശാന്തിപുരം രാജന് കൈമാറുന്നു

ചികിത്സാ സഹായം കൈമാറി

നേമം

കർഷക തൊഴിലാളി യൂണിയൻ ഏരിയ കമ്മിറ്റി അംഗം ശാന്തിപുരം രാജന്റെ ചികിത്സയ്ക്കായി കെഎസ്കെടിയു നേമം ഏരിയ കമ്മിറ്റി സ്വരൂപിച്ച ചികിത്സാ സഹായം ജില്ലാ സെക്രട്ടറി കെ ശശാങ്കൻ കൈമാറി.

ജില്ലാ കമ്മിറ്റി അംഗം പി ടൈറ്റസ്, ഏരിയ പ്രസിഡന്റ് വെട്ടിക്കുഴി ഷാജി, സെക്രട്ടറി ഡി സുധാകരൻ എന്നിവർ പങ്കെടുത്തു.

തിയൊസഫിക്കൽ സൊസൈറ്റി കുട്ടികൾക്കായി സംഘടിപ്പിച്ച ചിത്രരചനാ മത്സരത്തിലെ വിജയികൾക്ക് ചിത്രകാരൻ കാരയ്ക്കാമണ്ഡപം വിജയകുമാർ സമ്മാനങ്ങൾ വിതരണം ചെയ്യുന്നു

തെറ്റിയാർ തോടിൽ മീനുകൾ ചത്തുപൊങ്ങി

കഴക്കൂട്ടം

തെറ്റിയാർ തോട്ടിന്റെ ആറ്റിപ്ര, കുളത്തൂർ ഭാഗങ്ങളിൽ കൂട്ടത്തോടെ മീൻ ചത്തുപൊങ്ങി. തിങ്കളാഴ്ച മുതലാണ് ടെക്നോപാർക്ക് ഫെയ്സ് മൂന്നിനു സമീപം രണ്ടുകിലോമീറ്ററോളം ഭാഗത്ത് മീനുകൾ ചത്തുപൊങ്ങിയത്. ചെറിയ മീനുകൾ മുതൽ വലിയ കരിമീനുകൾവരെ ചത്ത് കിടക്കുകയാണ്. ദുർഗന്ധത്താൽ പ്രദേശവാസികൾ ബുദ്ധിമുട്ടിലാണ്. തോട്ടിൽ രാസവസ്തുക്കൾ കലർന്ന മാലിന്യംതള്ളിയതാണ് കാരണമെന്ന് പ്രദേശവാസികൾ പറയുന്നു.

വെള്ളത്തിന് ഓയിൽ കലർന്ന കറുത്ത നിറമാണുള്ളത്. കോർപറേഷൻ സ്ഥിരംസമിതി അധ്യക്ഷൻ മേടയിൽ വിക്രമൻ സ്ഥലത്തെത്തി അറിയിച്ചതിനെ തുടർന്ന് നഗരസഭാ ഉദ്യോഗസ്ഥർ വെള്ളം ശേഖരിച്ച് പരിശോധനയ്ക്ക് അയച്ചു. ഫലം ലഭിച്ചശേഷം നടപടിയെടുക്കുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ചിന്ത വാർഷിക വരിസംഖ്യ ഏറ്റുവാങ്ങി

വിളപ്പിൽ

വിളപ്പിൽ ഏരിയയിലെ മുഴുവൻ ലോക്കൽ കമ്മിറ്റികളിലെയും ചിന്ത വാർഷിക വരിസംഖ്യ സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം സി ജയൻ ബാബു ഏരിയ സെക്രട്ടറി ആർ പി ശിവജിയിൽനിന്ന് ഏറ്റുവാങ്ങി. ഏരിയ കമ്മിറ്റി അംഗങ്ങളായ കെ ജയചന്ദ്രൻ, എ എം ഷാഹി, എസ് ആരു ലാൽ, ലോക്കൽ സെക്രട്ടറി കെ സതീഷ് കുമാർ, പി ഷണ്മുഖം, ടി എൻ ദീപേഷ് എന്നിവർ പങ്കെടുത്തു

അവധിക്കാല അധ്യാപക സംഗമം

തിരുവനന്തപുരം

പൊതു വിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം നോർത്ത് യുആർസിയുടെ നേതൃത്വത്തിൽ എൽപി, യുപി ജില്ലാതല അധ്യാപക പരിശീലനം ആരംഭിച്ചു. പട്ടം ഗവ. മോഡൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ ഷൈലജാബീഗം ഉദ്ഘാടനംചെയ്തു. പ്രിൻസിപ്പൽ ഡോ. കെ ലൈലാസ് അധ്യക്ഷനായി. ജില്ലാ പ്രോജക്ട് കോഓർഡിനേറ്റർ എസ് ജവാദ്, ഡയറ്റ് പ്രിൻസിപ്പൽ ഷീജ, ഇ ഇസ്മയിൽ, ആർ അനൂപ് എന്നിവർ സംസാരിച്ചു.

ചിന്ത വാർഷിക വരിസംഖ്യ സിപിഐ എം ജില്ലാ സെക്രട്ടറിയറ്റ് അംഗം സി ജയൻ ബാബു ഏറ്റുവാങ്ങുന്നു

പ്രോജക്ട് എൻജിനിയർ ഒഴിവ്

തിരുവനന്തപുരം

ജില്ലയിലെ അർധ സർക്കാർ സ്ഥാപനത്തിൽ പ്രോജക്ട് എൻജിനിയർ തസ്തികയിൽ ഒരു താൽക്കാലിക ഒഴിവ്. 70 ശതമാനം മാർക്കോടെ ബിടെക് സിവിൽ, പാലം നിർമാണത്തിൽ മൂന്നു വർഷം പ്രവൃത്തി പരിചയം എന്നിവയാണ് യോഗ്യത. വേതനം 40,000 രൂപ. 41 വയസ് കവിയരുത്. അസൽ സർട്ടിഫിക്കറ്റുകളുമായി 19നകം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരാകണം.

റിപ്പോർട്ട് പ്രസിദ്ധീകരിക്കണം

തിരുവനന്തപുരം

വിഴിഞ്ഞം തുറമുഖ നിർമാണത്തിന്റെ പ്രത്യാഘാതമാണോ ജില്ലയിലെ തീരശോഷണമെന്ന് പഠിക്കാനായി സർക്കാർ നിയോഗിച്ച വിദഗ്ധ സമിതിയുടെ ഇടക്കാല റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്ന് കേരള റിജ്ണൽ ലാറ്റിൻ കാത്തലിക് അസോസിയേഷൻ ആവശ്യപ്പെട്ടു.

മുകുളങ്ങൾ ചിത്ര പ്രദർശനം

തിരുവനന്തപുരം

റവന്യൂ ഭൂമിക മാസികയുടെ ഒന്നാം വാർഷികത്തോട് അനുബന്ധിച്ച് റവന്യൂ ജീവനക്കാരുടെ മക്കൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം 'മുകുളങ്ങൾ' സംഘടിപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ ഉദ്ഘാടനം ചെയ്തു.

ലാൻഡ് റവന്യൂ കമീഷണർ ടി വി അനുപമ അധ്യക്ഷയായി. ഐഎൽഡിഎം ഡയറക്ടർ ഡി സജിത്ത് ബാബു, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സി എസ് അനിൽ, പ്രോഗ്രാം ഓഫീസർ ജി എസ് രാധേഷ്, ദുരന്തനിവാരണ അതോറിറ്റി അസിസ്റ്റന്റ് കമീഷണർ ബിന പി ആനന്ദ്, റവന്യൂ പബ്ലിക് റിലേഷൻസ് ഓഫീസർ എൻ പി സന്തോഷ് തുടങ്ങിയവർ പങ്കെടുത്തു.

1000 സ്കൂൾ കിറ്റ് പദ്ധതി ആരംഭിച്ചു

തിരുവനന്തപുരം

പ്രസ് ക്ലബും ബോബി ചെമ്മണ്ണൂർ ഗ്രൂപ്പും ചേർന്ന് അർഹരായ 1000 വിദ്യാർഥികൾക്ക് സ്കൂൾ കിറ്റ് നൽകുന്ന പദ്ധതിക്ക് തുടക്കമായി. ഡോ. ജോർജ് ഓണക്കൂർ പദ്ധതി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ രാജാജി നഗർ ഫുട്ബോൾ അക്കാദമിയിലെ 30 കളിക്കാർക്ക് പ്രസ് ക്ലബിന്റെ നേതൃത്വത്തിൽ ഗൗരി ഫൗണ്ടേഷൻ നൽകുന്ന ജേഴ്സിയുടെ പ്രകാശനം മുൻ ഫുട്ബോൾ താരം യു ഷറഫലി നിർവഹിച്ചു. പ്രസ് ക്ലബ് പ്രസിഡന്റ് എം രാധാകൃഷ്ണൻ അധ്യക്ഷനായി.

എൻഎഫ്പിഇ സായാഹ്ന ധർണ

തിരുവനന്തപുരം

തപാൽ ജീവനക്കാരുടെ സംഘടനയായ എൻഎഫ്പിഇയുടെ അംഗീകാരം പിൻവലിച്ച ഉത്തരവ് റദ്ദ് ചെയ്ത് അംഗീകാരം ഉടൻ പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം ആർഎംഎസ് പരിസരത്ത് സായാഹ്ന ധർണ നടത്തി. രാജ്യവ്യാപക പ്രക്ഷോഭ പരിപാടിയുടെ ഭാഗമായിട്ടായിരുന്നു പരിപാടി. എൻഎഫ്പിഇ സംസ്ഥാന കൺവീനർ പി കെ മുരളീധരൻ ഉദ്ഘാടനം ചെയ്തു. ആർ എസ് സുരേഷ്കുമാർ അധ്യക്ഷനായി. എഫ്എസ്ഇടിഒ ജില്ലാ സെക്രട്ടറി ജി ശ്രീകുമാർ, ആർ എസ് ബിന്നി, സി രാമചന്ദ്രൻ, കെ വി മനോജ് കുമാർ, മുഹമ്മദ് മാഹീൻ, വി എസ് വൈശാഖ്, എൻ വിനോദ്കുമാർ, ആർ വിജയൻ നായർ എന്നിവർ സംസാരിച്ചു.

പഴകിയ ഭക്ഷണ സാധനങ്ങൾ പിടികൂടി

കഴക്കൂട്ടം

നഗരസഭ ആരോഗ്യ വിഭാഗം ഹോട്ടലുകളിൽനിന്ന് പഴകിയ ഭക്ഷണം പിടികൂടി. ആറ്റിപ്ര, കഴക്കൂട്ടം സോണൽ ഓഫീസ് പരിധിയിലെ ഹോട്ടലുകളിലായിരുന്നു പരിശോധന. വരുംദിവസങ്ങളിലും പരിശോധന തുടരുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

ഗസ്റ്റ് അധ്യാപക നിയമനം

തിരുവനന്തപുരം

ചെമ്പഴന്തി ശ്രീനാരായണ കോളേജിൽ ഇംഗ്ലീഷ്–3, മലയാളം–1, ഹിന്ദി–2, പൊളിറ്റിക്കൽ സയൻസ്–1, സോഷ്യോളജി–1, ബോട്ടണി–4 സ്റ്റാറ്റിസ്റ്റിക്സ്–1, ജിയോളജി–2, സൈക്കോളജി– 1 എന്നിങ്ങനെ ഗസ്റ്റ് അധ്യാപകരെ നിയമിക്കും. കൊല്ലം ഡെപ്യൂട്ടി ഡിസിയിൽ രജിസ്റ്റർ ചെയ്ത യൂജിസി യോഗ്യതയുള്ളവർക്ക് മുൻഗണന. അസൽ സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം 20ന് പകൽ മൂന്നിനകം snc.org@gmail.comൽ അപേക്ഷിക്കണമെന്ന് പ്രിൻസിപ്പൽ അഭ്യർഥിച്ചു.

കംപ്യൂട്ടർ പരിശീലനം

തിരുവനന്തപുരം

ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വനിതകൾക്കും വിദ്യാർഥികൾക്കുമായി സൗജന്യ കംപ്യൂട്ടർ പരിശീലനം സംഘടിപ്പിക്കുന്നു. ഫോൺ: 9037893148, 9567803710.

സിനിമ

തിരുവനന്തപുരം

കൈരളി
▶ 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
▶ പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
▶ പൊന്നിയിൻ സെൽവൻ 2 (T) (11.00)
▶ പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
▶ പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
▶ പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
▶ നീലവെളിച്ചം (4.00, 9.00)
▶ ബി32–44 (11.30)
▶ EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
▶ പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
▶ അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഒഡി 1
▶ EVIL DEAD RISE (10..30)
▶ KISI KI BHAI KISI KI JAAN (H) (12.45)
▶ നീലവെളിച്ചം (4.00, 7.15, 10.30)

ഒഡി 2
▶ മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഒഡി 3
▶ യാനി മുഗുതാൻ (12.15